കിണ്ണുക്കോട് വെസ്റ്റ് എൽ.പി.സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

വിദ്യാലയത്തിന്റെ പേര് : കണ്ണങ്കോട് വെസ്റ്റ് എൽ.പി.
വില്ലേജ് = കൊളവല്ലൂർ
പഞ്ചായത്ത് = കുന്നോത്ത്പറമ്പ്
ബ്ലോക്ക് = കൂത്തുപറമ്പ്
ജില്ല = കണ്ണൂർ
വിദ്യാഭ്യാസ ജില്ല = തലശ്ശേരി
വിദ്യാഭ്യാസ ഉപജില്ല = പാനൂർ

# ആമുഖം

## സ്കൂളിന്റെ ചരിത്രം

1904 ൽ സ്ഥാപിതമായ കണ്ണക്കോട് വെസ്റ്റ് എൽ.പി. സ്കൂൾ കുന്നോത്ത്പറമ്പ് പഞ്ചായത്തിന്റെ തെക്കേ അറ്റത്ത് കണ്ണക്കോട് എന്ന ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്നു. വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിന്നിരുന്ന ഒരു പ്രദേശമായിരുന്നു ഇത്. പ്രത്യേകിച്ചും മുസ്ലീം വിഭാഗത്തിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം അന്യമായിരുന്നു അക്കാലത്ത്. ഈ അവസ്ഥക്ക് മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ഓത്തുപള്ളിക്കൂടമായാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. 1906 ൽ മാനേജരുടെ വല്ല്യുപ്പ പൂതക്കോട് അബ്ദുള്ള മുസല്യാരുടെ നേതൃത്വത്തിൽ ശരിയായ രൂപത്തിൽ ഉള്ള ഒരു വിദ്യാലയമായി ഇത് മാറി. മുസ്ലീം വിഭാഗത്തിൽ പെട്ടവർ മാത്രമായിരുന്നു. ആദ്യകാലത്ത് അധ്യയനം നടത്തിയിരുന്നത്. എന്നാൽ പിന്നീട് ഈ അവസ്ഥയ്ക്ക് മാറ്റം വന്നു.

ഇന്ന് എല്ലാ വിഭാഗത്തിൽപെട്ട കുട്ടികളും ഇവിടെ പഠിക്കുന്നുണ്ട്.

ഒരുകാലത്ത് സാമ്പത്തികമായും സാംസ്കാരികമായും വളരെ പിന്നിലായിരുന്നു ഈ പ്രദേശം. കാര്യമായ സാംസ്കാരിക സ്ഥാപനങ്ങളൊന്നും ഇവിടെ ഉണ്ടായിരുന്നില്ല. കർഷകരായിരുന്നു ഇവിടുത്തെ ബഹുഭൂരിപക്ഷം ആളുകളും. എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. സാമ്പത്തികമായി നല്ല മുന്നേറ്റം കൈവരിക്കാൻ ഈ പ്രദേശത്തിന് കഴിഞ്ഞിരിക്കുന്നു. എങ്കിലും സാംസ്കാരിക സ്ഥാപനങ്ങൾ ഇന്നും വിരളമാണ്. എന്നാൽ ഈ വിദ്യാലയവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ നടത്തിവരാറുള്ള വാർഷികാഘോഷങ്ങൾ, മറ്റ് പരിപാടികൾ എന്നിവയിൽ എല്ലാവിഭാഗത്തിന്റെയും പങ്കാളിത്തം ഉറപ്പ് വരുത്താനും അത് നാടിന്റെ ഉത്സവമാക്കി മാറ്റാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

2004 ൽ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് സ്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറി. ഭൗതിക സാഹചര്യത്തിന്റെ കാര്യത്തിൽ ഇന്ന് ഏറെ മുൻപന്തിയിലാണ് ഈ സ്ഥാപനം. എങ്കിലും ഇനിയും ധാരാളം പരിമിതികൾ മറികടന്ന് നാടിന്റെ

സാമൂഹ്യ സാംസ്കാരിക രംഗത്ത് ഒരു കെടാവിളക്കായി മാറ്റിയെടുക്കുന്നതിനുള്ള പ്രവർത്തന പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്തിട്ടുള്ളത്.

1 അക്കാദമികം

1.a 2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം.

പ്രീപ്രൈമറി ഉൾപ്പെടെ ഒന്നു മുതൽ അഞ്ചു വരെ ക്ലാസ്സുകളിൽ നൂറിൽ കൂടുതൽ കുട്ടികൾ അധ്യയനം നടത്തുന്നു.

2025-26

| Std | Boys | Girls | Total |
|---|---|---|---|
| LKG | 6 | 1 | 7 |
| UKG | 8 | 11 | 19 |
| I | 12 | 5 | 17 |
| II | 11 | 12 | 23 |
| III | 5 | 8 | 13 |
| IV | 16 | 7 | 23 |
| V | 16 | 3 | 19 |
| Total | 74 | 47 | 121 |

2025-26

| STD | All students | | | Muslim | | | Hindu | | |
|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T |
| I | 12 | 5 | 17 | 9 | 5 | 14 | 3 | 0 | 3 |
| II | 11 | 12 | 23 | 8 | 9 | 17 | 3 | 3 | 6 |
| III | 5 | 8 | 13 | 4 | 7 | 11 | 1 | 1 | 2 |
| IV | 16 | 7 | 23 | 12 | 5 | 17 | 4 | 2 | 6 |
| V | 16 | 3 | 19 | 13 | 3 | 16 | 3 | 0 | 3 |
| Total | 60 | 35 | 95 | 46 | 29 | 75 | 14 | 6 | 20 |

# അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ |
|---|---|---|
| എൽ.പി. | 6 | 6 |

മുൻ വർഷങ്ങളിൽ എല്ലാ അധ്യാപകർക്കും പരിശീലനങ്ങൾ ലഭിച്ചിട്ടുണ്ട്. അവധിക്കാലപരിശീലനം, ക്ലസ്റ്റർ യോഗങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന അറിവുകൾ കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനു വേണ്ടി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി മുഴുവൻ അധ്യാപകരും പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കാൻ നമ്മുടെ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

# പൊതു ലക്ഷ്യം

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചെന്ന് ഉറപ്പുവരുത്തുക.
* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കുക.
* അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം കുട്ടിക്ക് ലഭിക്കുന്നതിനായി അക്കാദമിക പ്രവർത്തനങ്ങളുടെ മൈക്രോലെവൽ ആസൂത്രണം നടത്തുക.
* കേവലം വിഷയ പഠനത്തിലൊതുക്കാതെ കുട്ടിയുടെ സർഗ്ഗാത്മക കഴിവുകൾ കൂടി വികസിപ്പിച്ച് സമഗ്ര വികസനം നടത്താൻ പ്രാപ്തരാക്കുന്നതിന് കലാകായിക പ്രവൃത്തി പരിശീലനങ്ങൾ സ്കൂളിൽ ഒരുക്കും.
* കാർഷിക സംസ്കാരം തലമുറയിൽ വളർത്തിയെടുക്കാനും മാലിന്യ നിർമാർജ്ജനം, പ്ലാസ്റ്റിക് മുക്ത, ലഹരി മുക്ത, കീടനാശിനി മുക്ത സംസ്കാരം വളർത്തിയെടുക്കാൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

* പിന്നോക്കക്കാർക്ക് പ്രത്യേക പരിഗണന നൽകും.
* അക്കാദമിക പ്രവർത്തനങ്ങൾക്കാണ് പ്രഥമ സ്ഥാനം എന്നാൽ അതിനുള്ള മികച്ച സപ്പോർട്ട് എന്ന നിലയിൽ സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ജനകീയ കൂട്ടായ്മ സൃഷ്ടിക്കും.
* സ്കൂളിൽ രൂപീകൃതമായ സമഗ്രവികസന സമിതിക്ക് മേൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾ നേടാൻ ആവുമെന്നും വിദ്യാഭ്യാസ മേഖലയിൽ കണ്ണങ്കോട് വെസ്റ്റ് എൽ.പി. സ്കൂൾ തനത് മോഡൽ സൃഷ്ടിച്ച് നാടിന് മാതൃകയാവുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ പരമ ലക്ഷ്യം.

## വിദ്യാലയ വികസന കാഴ്ചപ്പാട്

എല്ലാവർക്കും നിർബന്ധിതവും സൗജന്യവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക. എന്ന ലക്ഷ്യത്തെ മുൻനിർത്തി 2025-26 അധ്യയനവർഷ കാലയളവിൽ ഞങ്ങളുടെ ഈ വിദ്യാലയത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ.

## മാതൃഭാഷ മലയാളം

മാതൃഭാഷയിൽ ഉന്നതനിലവാരം പുലർത്തുന്നതിനായി പ്രീ-പ്രൈമറി മുതൽ ക്ലാസിന്റെ നിലവാരത്തിനിണങ്ങുന്ന വിധത്തിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തും.

* ക്ലബ് പ്രവർത്തനങ്ങൾ വിപുലീകരിച്ച് ഭാഷയുമായി ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.
* ശില്പശാലകൾ കഥ, കവിത, വിവരണം, ലേഖനം, സ്കിറ്റ്, നാടകങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ മികച്ച ആർ.പി. മാരുടെ സഹായത്തോടെ പരിപോഷിപ്പിക്കും.
* കൈയെഴുത്ത് മാസിക, ചുമർ മാസിക എന്നിവയുടെ നിർമ്മാണത്തിന് വേണ്ട പരിശീലനങ്ങൾ നൽകും.
*

# അക്കാദമികം

* സ്വരചിഹ്നങ്ങൾ ഉറപ്പിക്കൽ
* ചതുഷ്ക്രിയകൾ ഉറപ്പിക്കൽ
* ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തൽ
* ലൈബ്രറി വികസനം
* വായന പരിപോഷണം.
* പഠനോപകരണ ശില്പശാല
* ചിത്രരചനാ ക്യാമ്പ്
* നക്ഷത്ര നിരീക്ഷണം
* കൗൺസലിംഗ്
* മുഴുവൻ കുട്ടികൾക്കും സൈക്കിൾ പരിശീലനം
* ബോധവൽക്കരണ ക്ലാസുകൾ
* ക്ലാസ് പി.ടി.എ കൾ
* അഭിനയക്കളരി
* കരാട്ടെ പരിശീലനം
* ദിനാചരണങ്ങൾ
* മെഡിക്കൽ ക്യാമ്പുകൾ - ബോധവൽക്കരണ ക്ലാസുകൾ
* ഫീൽഡ് ട്രിപ്പുകൾ
* സഹവാസക്യാമ്പ്

അക്കാദമിക പ്ലാൻ - മലയാളം

| നേരിടുന്ന പ്രശ്നം | പദ്ധതി | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ഫല പ്രാപ്തി | ചുമതല | റിമാർക്ക് |
|---|---|---|---|---|---|---|---|
| സ്വതന്ത്ര രചന | സർഗം | 3,4 ക്ലാസിലെ കുട്ടികൾ | • അക്ഷരകാർഡുകൾ നൽകി വാക്കുകൾ നിർമ്മിക്കൽ • വാക്കുകൾ എഴുതിയ കാർഡ് നൽകി വാക്യങ്ങൾ നിർമ്മിക്കൽ. | ജൂൺ 2 മുതൽ ജൂലൈ 30 | ജൂലൈ 30 | തുഷാര.കെ | |
| | | | • ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ | ആഗസ്റ്റ് 1 മുതൽ 15 വരെ | ആഗസ്റ്റ് 15 | സുർജിത്ത്.പി | |
| | | | • ചിത്രകാർഡ് നൽകി വർണ്ണിച്ച് പറയൽ | ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 15 വരെ | സെപ്റ്റംബർ 15 | [illegible] | |
| | | | കഥ മുറിച്ച് ഭാഗം നൽകി കഥ പൂർത്തിയാക്കൽ, പറയൽ | സെപ്റ്റംബർ 16 മുതൽ ഒക്ടോബർ 15 വരെ | ഒക്ടോബർ 15 | [illegible] | |
| | | | വായനാകാർഡ് നൽകി കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ 16 മുതൽ നവംബർ 15 വരെ | നവംബർ 15 | [illegible] | |
| | | | പുസ്തകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | നവംബർ 16 മുതൽ ഡിസംബർ 31 വരെ | ഡിസംബർ 31 | തുഷാര.കെ | |
| | | | വായിച്ച വായനാക്കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കൽ | ജനുവരി 1 മുതൽ മാർച്ച് 15 | മാർച്ച് 15 | സുർജിത്ത്.പി. | |

## അക്കാദമിക പ്ലാൻ – ഗണിതം

| നേരിടുന്ന പ്രശ്നം. | പദ്ധതി | ടാർജറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ഫലപ്രാപ്തി | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|---|
| ചതുഷ്ക്രിയകൾ | ഗണിതം മധുരം | 3, 4, 5 ഗ്രൂപ്പുകൾ | • സംഖ്യാകാർഡുകൾ ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് സംഖ്യകൾ ഉറപ്പിക്കൽ | ജൂൺ 15 മുതൽ ജൂലായ് 15 | ജൂലായ് 15 | അശ്വതി. എം. കെ. | |
| | | | • സംഖ്യകൾ ഉപയോഗിച്ച് വിവിധ പാറ്റേൺ നിർമ്മിക്കൽ. • സംഖ്യാമാല നൽകി മാലയിലെ സംഖ്യകൾ പൂർത്തിയാക്കൽ. | ജൂലായ് 16 മുതൽ ആഗസ്റ്റ് 15 | ആഗസ്റ്റ് 15 | നിമ്യൻ. എൻ. വി. | |
| | | | • സംഖ്യാപാറ്റേൺ നൽകി സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ പാറ്റേൺ പൂർത്തിയാക്കൽ | ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 15 | സെപ്റ്റംബർ 15 | സുർജിത്ത്. വി. | |
| | | | • സംഖ്യകൾ നൽകി സംഖ്യാവ്യാഖ്യാനം നടത്താൻ അവസരം നൽകൽ | സെപ്റ്റംബർ 16 മുതൽ ഒക്ടോബർ 15 | ഒക്ടോബർ 15 | തുഷാര. കെ. | |
| | | | • നൽകുന്ന സംഖ്യകളുടെ സ്ഥാനവില കണ്ടെത്തി വായിക്കൽ. | ഒക്ടോബർ 16 to നവംബർ 15 | നവംബർ 15 | അഭിവ ജ്യോതി. വി. | |
| | | | • സ്ഥാനവില പോക്കറ്റ് നൽകി സംഖ്യകൾ ക്രമീകരിക്കൽ | നവംബർ 16 മുതൽ ഡിസംബർ 15 | ഡിസംബർ 15 | നിമ്യൻ. എൻ. വി. | |
| | | | അബാക്കസ് നിർമ്മിക്കൽ നൽകുന്ന സംഖ്യകൾ അബാക്കസിൽ ആവിഷ്കരിക്കൽ | ഡിസംബർ 16 മുതൽ ഫെബ്രുവരി 15 | ഫെബ്രുവരി 15 | തുഷാര. കെ. | |